LIBRARY ARCHIVES Kerala Legislative Assembly

തിരൂർ നിയോജക മണ്ഡലത്തിലെ റോഡ് പുനരുദ്ധാരണ പദ്ധതി

306 (1672) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിലൂടെ തിരൂർ നിയോജകമണ്ഡലത്തിൽ ഭരണാനുമതി നൽകിയ റോഡുകൾ ഏതൊക്കെയെന്നും അനുവദിച്ച തുക എത്രയെന്നും വ്യക്തമാക്കാമോ;

&

(ബി) പ്രസ്തുത റോഡുകളുടെ നിർമ്മാണ പ്രവൃത്തികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ?

മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിക്കുകീഴിൽ തിരൂർ നിയോജക മണ്ഡലത്തിൽ ഭരണാനുമതി നൽകിയ റോഡുകളുടെ പട്ടിക അവയുടെ നിലവിലെ പുരോഗതി വിശദാംശങ്ങൾ സഹിതം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) പ്രസ്തുത പദ്ധതിയിൽ പുതിയ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ?

പരിഗണനയിലില്ല.

ലാപ്ടോപ്പ് വിതരണത്തിലെ കാലതാമസം

307 (1673) ശ്രീമതി ശാന്തകുമാരി. കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് ഗ്രാമപഞ്ചായത്തിലെ എസ്.സി. വിദ്യാർത്ഥികൾക്ക് പഠനാവശ്യത്തിന് ലാപ്ടോപ്പ് നൽകുന്നതിന് സി.പി.ആർ.സി.എസ്. പ്രകാരം ടെണ്ടർ നടപടി സ്വീകരിച്ചതുമൂലം പല കുട്ടികൾക്കും കോഴ്സ് കഴിഞ്ഞതിനുശേഷം മാത്രമാണ് ലാപ്ടോപ്പുകൾ നൽകാൻ കഴിഞ്ഞതെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

എസ്.സി. വിദ്യാർത്ഥികളുടെ പഠനാവശ്യത്തിന് ലാപ്ടോപ്പ് നൽകുന്ന

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പദ്ധതി നടപ്പിലാക്കുന്നതിന് സി.പി.ആർ.സി.എസ്. പോർട്ടൽ മുഖാന്തരം ലാപ്ടോപ്പ് പർച്ചേസ് ചെയ്യുന്നതിൽ കാലതാമസം നേരിട്ട വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ലാപ്ടോപ്പ് വിതരണത്തിലെ കാലതാമസം ഒഴിവാക്കുന്നതിനായി 2021-22 വർഷത്തെ ലാപ്ടോപ്പുകൾ (സർക്കാർ സ്പെസിഫിക്കേഷൻ പ്രകാരമുള്ളത്) ഓപ്പൺ ടെണ്ടറിലൂടെ വാങ്ങുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

സി.പി.ആർ.സി.എസ്. പോർട്ടൽ മുഖാന്തരം ലാപ്ടോപ്പ് പർച്ചേസ് ചെയ്യുന്നതിന് ഒരു മാസത്തിലധികം കാലതാമസമുണ്ടായാൽ നിർദ്ദിഷ്ട സ്പെസിഫിക്കേഷനും, വിലയുമുള്ളവ ടെൻഡർ/ഇ-ടെൻഡർ നടപടിക്രമത്തിലൂടെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വാങ്ങാവുന്നതാണെന്ന് 7-9-2020-ലെ ഡിഎ I/153/2020/തസ്വഭവ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 21-10-2020-ൽ നടന്ന യോഗം, തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് സി.പി.ആർ.സി.എസ്. പോർട്ടൽ മുഖേനയോ ടെൻഡർ/ ഇ-ടെൻഡർ വഴിയോ GEM പോർട്ടൽ മുഖേനയോ ലാപ്ടോപ്പ് വാങ്ങാൻ അനുമതി നൽകിയിട്ടുണ്ട്. ആയത് 20-1-2020-ലെ ഡിഎ I/363/2019/തസ്വഭവ സർക്കുലറിലെ സ്പെസിഫിക്കേഷനും നിരക്കും പ്രകാരമായിരിക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

കൊടുങ്ങല്ലൂർ നിയോജക മണ്ഡലത്തിലെ തദ്ദേശ റോഡ് വികസനം

308 (1674) ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് വികസന പദ്ധതിപ്രകാരം കൊടുങ്ങല്ലൂർ നിയോജക മണ്ഡലത്തിൽ കഴിഞ്ഞ അഞ്ച് വർഷത്തിൽ അനുവദിച്ച റോഡുകൾ ഏതൊക്കെയാണെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും അറിയിക്കാമോ?

മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിക്കുകീഴിൽ അനുവദിച്ച പ്രവൃത്തികളും അവയുടെ നിർവ്വഹണ പുരോഗതിയും അടങ്ങിയ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly